<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2318</u> <u>12-12-2022 - ൽ മറുപടിയ്ക്ക്</u>

## അടിമാലിയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രിയുടെ ഭരണാനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രിയുടെ ഭരണാനുമതി ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിന് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ദേവികുളം മണ്ഡലത്തിലെ അടിമാലി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി നിർമ്മാണത്തിന് Women and Children Hospitals Scheme പ്രകാരം സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി G.O(Rt) No.2644/2015/H&FWD തീയതി 17/08/2015 പ്രകാരം 450 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിരുന്നു.<br><br>ആയതിലേക്ക് ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച 14.71 കോടി രൂപയുടെ എസ്റ്റിമേറ്റിന് Phase -1 , Phase-2ആയി മാറ്റി Phase-1 ൽ 450 ലക്ഷം രൂപയുടെ വർക്ക് ഉൾക്കൊള്ളിച്ച് 2015 ലെ സർക്കാർ ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിന് അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത ആശുപത്രിയുടെ നിർമ്മാ ണത്തിനായി 450 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് |
| (സി) | പുതിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത നിർമ്മാണത്തിനായുള്ള തുക എത്രയാണെന്ന് അറിയിക്കാമോ; | (സി) | റിവൈസ്ഡ് DPR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനിയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | നിർമ്മാണം പൂർത്തീകരിക്കുവാനുള്ള തുക എപ്രകാരം കണ്ടെത്തുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | റീവാലിഡേഷൻ അനുമതി ആകുന്ന മുറയ്ക്ക് Phase-1 പ്രവർത്തി ആരംഭിക്കുന്നതാണ്. ശേഷം ബാക്കി പ്രവർത്തനം രണ്ടാം ഘട്ട നിർമ്മാണത്തിനായി തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോ സൽ ലഭ്യമാകുന്ന മുറയ്ക്ക് അക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ